# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1377

21.03.2012 ൽ മറുപടിയ്ക്ക്

## ആർബിട്രേഷൻ കോർട്ടിന്റെ പ്രിസൈഡിംഗ് ഓഫീസർമാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കെ നാരായണൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) കോ-ഓപ്പറേറ്റീവ് ആർബിട്രേഷൻ കോർട്ടിന്റെ പ്രിസൈഡിംഗ് ഓഫീസർമാരെ നിയമിക്കുന്ന കേരള കോ-ഓപ്പറേറ്റീവ് റൂൾസിലെ 67- വകുപ്പ് ഭേദഗതി ചെയ്യുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br><br>(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ? | (എ) യും (ബി) യും സൊസൈറ്റീസ് ഭേദഗതി ചെയ്തിട്ടുണ്ട്. 1969 ലെ കേരള സഹകരണ ചട്ടങ്ങളിലെ ചട്ടം 67 ഉപചട്ടം (4 എ)യിൽ, ആർബിട്രേഷൻ കോടതിയിലെ പ്രിസൈഡിംഗ് ഓഫീസർമാർക്ക് 15 വർഷത്തിൽ കുറയാതെ അഭിഭാഷക വൃത്തിയിൽ പ്രവർത്തി പരിചയവും, നിയമനം ലഭിക്കുന്നവർക്ക് നിയമന തീയതി മുതൽ സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം വരെ സർവീസിൽ തുടരാമെന്ന വ്യവസ്ഥക്ക് പകരം പ്രിസൈഡിഗ് ഓഫീസർമാർക്ക് ഏഴ് വർഷത്തിൽ കുറയാതെ അഭിഭാഷക വൃത്തിയിലുള്ള പരിചയവും, അപ്രകാരം നിയമിതരാകുന്നവരെ 3 വർഷ കാലയളവിലേയക്ക് സർക്കാരിന് നിയമിക്കാവുന്നതാണ് എന്നും കേരള സഹകരണ ചട്ടത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ